**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 353** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓൺലൈൻ ലോൺ ആപ്പുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഓൺലൈൻ ലോൺ ആപ്പുകൾ, കൃത്രിമ ലിങ്കുകൾ എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് സൈബർ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നത് തടയാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഓൺലൈൻ ലോൺ ആപ്പുകൾ വഴി തട്ടിപ്പിനിരയാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ ഓൺലൈൻ ലോൺ വെബ് സൈറ്റുകൾ/ആപ്ലിക്കേഷനുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്യുകയും National Cybercrime Reporting Portal ൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ്സൈറ്റുകൾ കണ്ടെത്തി നീക്കം ചെയ്തു വരുകയും ചെയ്യുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമാകുന്ന പരസ്യങ്ങളും, പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്ലാറ്റ്ഫോമുകളിൽ നിന്നും നീക്കുകയും ചെയ്യുന്നു. RBI അംഗീകൃത NBFC ക്ക് കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി ബ്ലോക്ക് ചെയ്യുന്നു. സൈബർ തട്ടിപ്പുകൾ തടയുന്നതിലേക്കായി ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും നവമീഡിയ മാധ്യമങ്ങൾ വഴിയും ബോധവത്കരണം നടത്തി വരുന്നു. സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും Mule account കൾ ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും "CY-HUNT Operation" എന്ന പേരിലും തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പണം തിരിച്ച് പിടിക്കുന്നതിലേക്കായി ചെക്ക്, ATM വഴി തട്ടിപ്പ് പണം പിൻവലിക്കുന്നവരെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യുന്നതിലേക്കുമായി സ്പെഷ്യൽ ഡ്രൈവുകൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

**(ബി)** ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് പണം നഷ്ടപ്പെട്ട് ഗോൾഡൻ അവറിനുള്ളിൽ സഹായം ലഭ്യമാക്കാൻ ഹെൽപ്പ്ലൈൻ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

**<u>മറുപടി:</u>** നിലവിൽ കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cyber Crime Reporting portal-ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പ് ഉൾപ്പെടെയുള്ള ഓൺലൈൻ സാമ്പത്തിക

കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് ടി നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. "www.cybercrime.gov.in" എന്ന വെബ് പോർട്ടലിലും പൊതുജനങ്ങൾക്ക് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ 9497980900 എന്ന വാട്സ്ആപ്പ് നമ്പരിൽ പൊതുജനങ്ങൾക്ക് വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പിനെക്കുറിച്ചുള്ള പരാതികൾ വാട്സ്ആപ്പ് ചെയ്യാവുന്നതാണ്. ലഭിക്കുന്ന പരാതികൾ National CyberCrime Reporting Portal ൽ രജിസ്റ്റർ ചെയ്ത ശേഷം പരാതിക്കാരന്റെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടർ അന്വേഷണത്തിനായി കൈമാറുന്നു.

**(സി)** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡീപ്പ് ഫേക്ക് തട്ടിപ്പുകൾ, വോയ്സ് ക്ലോണിംഗ് എന്നിവ തടയുന്നതിനായി സാങ്കേതിക സജ്ജീകരണങ്ങൾ നൽകി സൈബർ പൊലീസിനെ ശാക്തീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡീപ്പ് ഫേക്ക് തട്ടിപ്പുകൾ, വോയ്സ് ക്ലോണിംഗ് എന്നിവയിലൂടെ പണം നഷ്ടപ്പെട്ടതായി കേരളത്തിലാദ്യമായി കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രതിയെ കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ AI Task Force രൂപീകരിച്ചിട്ടുള്ളതും നൂതനമായ ഇത്തരം തട്ടിപ്പുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ട്രെയിനിംഗുകൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡീപ്പ് ഫേക്ക് തട്ടിപ്പുകൾ വോയ്സ് ക്ലോണിംഗ് എന്നിവയ്ക്കെതിരെ BNS പ്രകാരവും ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരവും കേരളാ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**